# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5024 — 23.03.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.സ്വരാജ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരകർഷക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരകർഷക മേഖലയെ പ്രോത്സാഹിപ്പിക്കുന്ന തിന് തീറ്റപ്പുൽകൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് വികസന പദ്ധതി (MSDP), ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടിപരിപാലന പദ്ധതി, ഗോവർദ്ധിനി, ആർ.കെ.വി.വൈ ധനസഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന സ്പെഷ്യൽ ഗോവർദ്ധിനി എന്ന പദ്ധതി, രാത്രികാല അടിയന്തിര വെറ്ററിനറി സേവനത്തിനുള്ള പദ്ധതി, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന പശു വളർത്തൽ, പാൽ വിപണനം, മൂല്യവർദ്ധിത പാലുൽപന്നങ്ങളുടെ ഉത്പാദനം എന്നിവയുള്ള പരിശീലനം എന്നിവ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഈ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ; | (ബി) **പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br>• **തീറ്റപ്പുൽകൃഷി പദ്ധതി**<br>സംസ്ഥാനത്ത് കറവ പശുക്കളുടെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും, പാലുല്പാദന ചിലവ് കുറച്ച് കർഷകർക്ക് കൂടുതൽ ലാഭം ഉറപ്പാക്കുന്നതിനും തീറ്റപ്പുൽലഭ്യത |

ഉറപ്പാക്കേണ്ടതുണ്ട്. ആയതിലേക്കായി നടപ്പാക്കി വരുന്നതാണ് തീറ്റപ്പുൽകൃഷി പദ്ധതി. ഈ പദ്ധതി പ്രകാരം ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നുണ്ട്.2017-18 ൽ 2000 ഹെക്ടർ സ്ഥലത്ത് ദീർഘകാല തീറ്റപ്പുൽകൃഷി ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചു വരുന്നു. തൻവർഷം ഈയിനത്തിൽ ആറ് കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്.

- **കാലിത്തീറ്റ സബ്സിഡി**

ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നല്കിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 4/- രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2017-18 ൽ 13 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

- **മിൽക്ക്ഷെഡ് വികസന പദ്ധതി (MSDP)**

ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും, നിലവിലുള്ള ചെറുകിട കർഷകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ നിലനിർത്തുന്നതിനും ചെറുകിട ഡയറി ഫാമുകൾ ആരംഭിക്കുന്നതിനും, ഫാമുകളുടെ യന്ത്രവത്കരണത്തിനും, ശാസ്ത്രീയമായി തൊഴുത്ത നിർമ്മിക്കുന്നതിനും, ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തൻവർഷം ഈയിനത്തിൽ 41.79 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

- **ക്ഷീരസഹകരണസംഘങ്ങളുടെ ശാക്തീകരണം**

കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കാൻ ക്ഷീരസഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും, നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും, ക്ഷീര സഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തൻവർഷം ഈയിനത്തിൽ 25.85 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

- **വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ**

ക്ഷീരമേഖലയിലെ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനും പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നതിനും ആവശ്യമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ട്. തൻവർഷം ഈയിനത്തിൽ 4.95 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും മികച്ച പ്രവർത്തനം നടത്തുന്ന കർഷകരെ ആദരിക്കുകയും പുരസ്കാരങ്ങൾ നല്കുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**